


# രഹസ്യങ്ങൾ അറിയുന്ന ദൈവം

മത്തായി 6: 1 – 8; 16 – 18, നിയമാ. 15: 7 – 15, തോബിത്ത് 12: 6 – 15; 2 കൊറി 8: 9 – 15

ബ്ര. ജോസഫ് നെടുങ്ങനാൽ

Vol. 12, Issue: 41

**ദി**വ്യകാരുണ്യ ഈശോയിൽ സ്നേഹിക്കപ്പെടുന്നവരേ,

നോമ്പിന്റെ മൂന്നാം ആഴ്ചയിലേക്ക് നാം പ്രവേശിച്ചിരിക്കുന്നു. ഞാനും നിങ്ങളും ജീവിക്കുന്ന അല്ലെങ്കിൽ ജീവിച്ചുതീർക്കുന്ന ഈ ലോകജീവിതത്തിനപ്പുറം മറ്റൊരു ജീവിതമുണ്ടെന്ന് തന്റെ ഉയിർപ്പിലൂടെ കാണിച്ചുതന്ന ഈശോയുടെ ഉയിർപ്പുതിരുനാളിനു മുന്നോടിയാണ് ഈ നോമ്പുകാലം. കടന്നുവന്ന ജീവിതവഴികളിലേക്ക് ഒന്ന് പിന്തിരിഞ്ഞു നോക്കുമ്പോൾ വന്നുപോയ തെറ്റുകളെ ഓർത്ത് മനസ്തപിച്ച് പുതിയ മനുഷ്യനെ ധരിക്കാനുള്ള ശ്രമം. ഓരോ നോമ്പു കാലഘട്ടവും പുതിയ പുതിയ തീരുമാനങ്ങളുടെ പെയ്തിറങ്ങലാണ്. തന്റെ ജീവിതത്തിലെ ദുശ്ശീലങ്ങളെ കുറച്ചു കാലത്തേക്കെങ്കിലും അകറ്റിനിർത്താനുള്ള ശ്രമം. മറ്റൊരു രീതിയിൽ പറഞ്ഞാൽ, പ്രാർത്ഥനയും പരിത്യാഗവും വഴി ഈശോയോട് അടുത്തുനിൽക്കാനുള്ള ഒരു പരിശ്രമമാണ് നോമ്പ്. ഈ പരിശ്രമങ്ങളിലൂടെ നാം ജീവിതത്തെ ഒരുക്കുമ്പോൾ നമ്മുടെ മനോഭാവം എങ്ങനെയുള്ളതാകണം എന്നതാണ് തിരുസഭാ മാതാവ് മത്തായി സുവിശേഷത്തിലൂടെ ഇന്ന് പറഞ്ഞുതരുന്നത്.

യഹൂദമത ജീവിതത്തിലെ മൂന്ന് പ്രധാന പുണ്യാഭ്യാസങ്ങളാണ് ദാനധർമ്മം, പ്രാർത്ഥന, ഉപവാസം. ഈ ത്രിവിധ ജീവിതശൈലിയായിരുന്നു അവരുടെ ജീവിതത്തെയും ധാർമ്മികതയെയും നിർവചിച്ചിരുന്നത്. ദാനധർമ്മം ജീവകാരുണ്യ പ്രവർത്തിയാണെന്നും അതിലൂടെ ഏതു കാര്യവും നേടിയെടുക്കാൻ സാധിക്കുമെന്നുമായിരുന്നു യഹൂദമത വിശ്വാസം. അതുപോലെ തന്നെ ദിവസംതോറുമുള്ള പ്രാർത്ഥനകളും ഉപവാസവും അവരുടെ ദൈനംദിന ദിനചര്യകളായിരുന്നു. എന്നാൽ ഈശോ ഈ ജീവിതശൈലിക്ക് പുതിയ മാനം കൊടുക്കുകയാണ്.

ദാനധർമ്മം യഹൂദമത വിശ്വാസത്തിൽ മാത്രമല്ല, ക്രൈസ്തവ വിശ്വാസത്തിലും പുണ്യപ്രവർത്തി തന്നെയാണ്. ഇതിനുള്ള ഉദാഹരണം ഇന്നത്തെ വായനകളിലുടനീളം നമുക്ക് കാണാൻ സാധിക്കും. ഉദാരമായി ദാനം ചെയ്യുന്നവന്റെ ജോലികളിലും അവൻ ആരം

ഭിക്കുന്ന പ്രവർത്തികളിലും സമൃദ്ധമായ അനുഗ്രഹം ഉണ്ടാകുമെന്ന് നിയമാവർത്തന പുസ്തകം നമ്മെ ഓർമ്മിപ്പിക്കുന്നു. റഫായേൽ ദൂതൻ തോബിത്തിനും മകൻ തോബിയാസിനും ദാനധർമ്മത്തെക്കുറിച്ച് നൽകുന്ന ഉപദേശമാണ് രണ്ടാം പ്രഘോഷണത്തിൽ നാം ശ്രവിച്ചത്. ദാനധർമ്മത്തിൽ നാം പുലർത്തേണ്ട മനോഭാവത്തെക്കുറിച്ച് പൗലോസ് ശ്ലീഹാ കോറിന്തോസുകാർക്കെഴുതിയ ലേഖനത്തിലൂടെ നമ്മെ ഓർമ്മിപ്പിക്കുന്നു. താൽപര്യത്തോടെയാണ് നൽകുന്നതെങ്കിൽ ഒരുവന്റെ കഴിവിനനുസരിച്ചുള്ള ദാനം ദൈവം സ്വീകരിക്കും. അതിലുപരി ദാനധർമ്മത്തിലൂടെ ദരിദ്രസഹോദരനെ സഹായിക്കുന്നതിലൂടെ നമ്മുടെ ഉത്തരവാദിത്വമാണ് നാം നിർവ്വഹിക്കുന്നത്.

അതുപോലെ തന്നെ പ്രാർത്ഥനയും നമ്മുടെ ക്രൈസ്തവജീവിതത്തിന്റെ അടിസ്ഥാനമാണ്. പ്രാർത്ഥനക്ക് ഉത്തമ മാതൃക നാം കാണുന്നത് ഈശോയിലാണ്. മലമുകളിൽ ഒറ്റയ്ക്ക് ശിഷ്യന്മാരിൽ നിന്ന് ഒരു കല്ലേറു ദൂരം മാറി പ്രാർത്ഥിക്കുന്ന ഈശോയെ നാം സുവിശേഷത്തിൽ കാണുന്നു. പ്രാർത്ഥിക്കുമ്പോൾ നമ്മെയും ദൈവവുമായിട്ടുള്ള ഏകാന്തതയിലേക്കാണ് ഈശോ ക്ഷണിക്കുന്നത്.

മലമുകളിൽ ഉപവസിച്ച് തന്റെ പരസ്യജീവിതത്തിന് ഒരുങ്ങിയ ഈശോ ഉപവാസത്തിന്റെ പ്രാധാന്യത്തെപ്പറ്റി നമ്മെ ഓർമ്മിപ്പിക്കുന്നു. മനുഷ്യൻ അപ്പം കൊണ്ടു മാത്രമല്ല, ദൈവത്തിന്റെ നാവിൽ നിന്നും പുറപ്പെടുന്ന ഓരോ വാക്കു കൊണ്ടുമാണ് ജീവിക്കുന്നത് എന്ന് പറഞ്ഞുകൊണ്ട് പ്രലോഭനത്തെ അതിജീവിച്ച് നോമ്പിന്റെ സാരാംശം നമുക്ക് തന്റെ ജീവിതത്തിലൂടെ അവിടുന്ന് കാണിച്ചു തന്നു.

ഇന്നത്തെ സുവിശേഷത്തിൽ ദാനധർമ്മം, പ്രാർത്ഥന, ഉപവാസം എന്നീ പുണ്യാഭ്യാസങ്ങളിൽ ഉണ്ടാകുന്ന കാപട്യത്തെക്കുറിച്ചാണ് മത്തായി ശ്ലീഹാ ചൂണ്ടിക്കാണിക്കുന്നത്. ഒരു ക്രിസ്തുശിഷ്യന്റെ ചെയ്തികൾ ഒന്നും തന്നെ പ്രശംസയും ലാഭവും പ്രതീക്ഷിച്ചാകരുത്. നമ്മൾ എല്ലാവരും പരസ്യങ്ങൾ കണ്ടിട്ടുള്ളവരാണ്. രാവിലെ നോക്കുന്ന പത്രത്തിലും കൂടെ കൊണ്ടുനടക്കുന്ന മൊബൈൽ ഫോണിലും എന്തിന് നമ്മൾ നടക്കുന്ന വഴികൾ പോലും പരസ്യങ്ങളാൽ ചുറ്റപ്പെട്ടിരിക്കുകയാണ്. ഇവയുടെ ഉദ്ദേശമോ; നമ്മൾ വായിക്കുക, അതിനെക്കുറിച്ച് അറിയുക അത്രമാത്രം. ഇതു തന്നെയാണ് കപടനാട്യക്കാരും ചെയ്യുന്നത്. മറ്റുള്ളവരാൽ പുകഴ്ത്തപ്പെടാനും മറ്റുള്ളവരുടെ പ്രശംസ കാംക്ഷിച്ചും അവർ ദാനം ചെയ്യുന്നു. എന്നാൽ ഈശോ പറയുന്നു: നിന്റെ പരസ്യത്തിനുള്ള പ്രതിഫലം നിനക്ക് ലഭിച്ചുകഴിഞ്ഞു. മറ്റുള്ളവർക്കുവേണ്ടി പ്രദർശിപ്പിക്കുന്ന ജീവിതമനോഭാവം മാറ്റി നീയും നിന്റെ ദൈവവുമായിട്ടുള്ള രഹസ്യബന്ധമായിരിക്കണം നമ്മുടെ ജീവിതത്തിന്റെ അടിസ്ഥാനം. നിന്റെ ദാനധർമ്മമോ, പ്രാർത്ഥനയോ, ഉപവാസമോ മറ്റൊരുവനു മുമ്പിൽ കാണിക്കുന്ന പ്രകടനമാണെങ്കിൽ നിന്റെ പ്രതിഫലം നിന്റെ പരസ്യത്തിലൂടെ നിനക്ക് കിട്ടി, മറിച്ച് നിന്റെ ചെയ്തികൾ ശുദ്ധവും ദൈവവിചാരത്തോടുമാണെങ്കിൽ നിന്റെ മനഃസാക്ഷി സൂക്ഷിപ്പുകാരനായ നല്ല തമ്പുരാൻ, രഹസ്യങ്ങൾ അറിയുന്ന തമ്പുരാൻ നിനക്ക് പ്രതിഫലം നൽകും.

സഭാമാതാവ് നമ്മോടു പറയുന്നത്, രഹസ്യമായ ജീവിതം അതായത് ബഹളമയമായ ജീവിതത്തിൽ നിന്നും മാറിയുള്ള ജീവിതം നയിക്കാനാണ്. നമ്മുടെ കാരുണ്യപ്രവർത്തികളെല്ലാം തന്നെ രഹസ്യമായിരിക്കട്ടെ. എന്തെന്നാൽ രഹസ്യങ്ങളറിയുന്ന നമ്മുടെ പിതാവ് നമുക്ക് പ്രതിഫലം തരും. വിശുദ്ധ കുർബാനയിൽ നാം പ്രാർത്ഥിക്കുന്നതുപോലെ ഉപവാസത്താലും പ്രാർത്ഥനയാലും പാപത്തെക്കുറിച്ചുള്ള പശ്ചാത്താപത്താലും പിതാവായ ദൈവത്തെയും പുത്രനായ തമ്പുരാനെയും സഹായകനായ പരിശുദ്ധാത്മാവിനെയും നമുക്ക് പ്രസാദിപ്പിക്കുകയും അവിടുത്തെ സ്നേഹത്തിലേക്ക് വളരുകയും ചെയ്യാം. നല്ലവനായ ദൈവം നമ്മുടെ എല്ലാ പ്രവർത്തികളെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.